(ബി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്ന് വ്യക്തമാക്കുമോ?

കമ്പനിയുടെ രജിസ്ട്രേഷനുള്ള നടപടികളും മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവ തയ്യാറാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി. സി.-യിലെ ചില തൊഴിലാളി സംഘടനകൾ കെ.എസ്.ആർ.ടി.സി. - സ്വിഫ്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട ഫയൽ ചെയ്ത റിട്ട് ഹർജികൾ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(സി) ഇൻകം ഏണിംഗ് വിഭാഗമായ കണ്ടക്ടർമാരെയും ഡ്രൈവർമാരെയും ദുരിതത്തിലാക്കുന്ന തൊഴിൽ പരിഷ്കാരങ്ങൾ കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിലാക്കുമെന്നതിനാൽ ഇതിന്റെ പുരോഗതിക്കുതകുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ശ്രദ്ധിക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കുന്ന എല്ലാ പരിഷ്കാരങ്ങളും തൊഴിലാളികളുടെകൂടി ഉന്നമനം ലക്ഷ്യമാക്കി നടപ്പാക്കുന്നവയാണ്. തൊഴിലാളികളെക്കൂടി വിശ്വാസത്തിൽ എടുത്തുകൊണ്ടു മാത്രമേ കോർപ്പറേഷൻ പരിഷ്കാരങ്ങളുമായി മുന്നോട്ടുപോവുകയുള്ളൂ.

**ടിക്കറ്റിതര വരുമാനം**

228 (1213) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ?

(എ) കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്തുന്നതിനായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

കെ.എസ്.ആർ.ടി.-സിയുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിൽനിന്നും വരുമാനം ലഭിച്ചുവരുന്നു. കൂടാതെ കൊറിയർ, പാഴ്സൽ, എ.ടി.എം. എന്നിവയ്ക്കായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ ഷോപ്പിംഗ് കോംപ്ലക്സുകളിലും ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ Supplyco, Consumer fed, മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് lease/rent വ്യവസ്ഥയിൽ കൊടുക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സർവീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസ്സുകളെ രൂപ മാറ്റംവരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും നിലവിൽ മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. Scheduled Tribes Development Department-ന് കെ.എസ്. ആർ.ടി.സി.-യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ്-ഓൺ-വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി., ടി പദ്ധതിയിൽ താൽപര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തികരിച്ചുവരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ സ്ലീപർ ഇൻ ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ " Sight seeing" എന്ന പദ്ധതിയും " conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. കോവിഡ്-19 കിറ്റുകൾ കൊണ്ടുപോകുന്നതിന് കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് എന്ന പേരിൽ കെ.എസ്.ആർ.ടി.സി.-യുടെ വാനുകൾ സജ്ജീകരിക്കുക വഴിയും ടിക്കറ്റിതര വരുമാനം കൂടുതലായി ലഭിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.- ലോജിസ്റ്റിക്സ് എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ കൊറിയർ പാഴ്സൽ സർവീസ് വിപുലീകരിക്കാനും സർക്കാർ, അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യസ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് ഇത് സഹായകരമാകും. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഉയർന്ന ഗുണമേന്മയും വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ തുടങ്ങി മുഴുവൻ ലൂബ്രിക്കന്റ്സുകളും പ്രമുഖ ഓയിൽ കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. രൂപമാറ്റം വരുത്തിയ ബസ്സുകളിൽ വിതരണം ചെയ്യുന്നതിന് ലൂബ്ഷോപ്പ് എന്ന പദ്ധതി 2021 ജൂലൈ 23-ാം തീയതി ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ ഡീസൽ പമ്പുകൾ IOC മുതലായ വൻകിട എണ്ണ കമ്പനികളുടെ സഹകരണത്തോടെ പൊതു

LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങൾക്കുകൂടി ഉപയോഗിക്കത്തക്ക രീതിയിൽ ഫ്യുവൽ കോംപ്ലക്സ് (CNG + LNG + Electric vehicle charging + Diesel + Petrol) സ്ഥാപിക്കുന്നതോടൊപ്പം, പൊതുജനങ്ങൾക്ക് ആവശ്യംവരുന്ന സൗകര്യങ്ങൾ (public amenities), കഫറ്റേറിയ, ATM, റെസ്റ്റ് റൂമുകൾ ഒരുക്കുന്നതിനായിട്ടുള്ള നൂതന പദ്ധതിയും ആവിഷ്കരിച്ച് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. CNG, LNG ഔട്ട്‌ലറ്റ്കൾ സ്ഥാപിക്കുകവഴിയും കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിലൂടേയും KSRTC-യുടെ വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. ദീർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോമ്പ്ലക്സുകൾ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിന് (പൊതുമേഖല കെ.എസ്.ആർ.ടി.സി.- സംയുക്ത സംരംഭം) നൽകുന്നതിലൂടേയും വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് വിഭാവനം ചെയ്യുന്നു. കൂടാതെ പരസ്യ/ലേല ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി e-Tender നടപടികൾ സ്വീകരിക്കാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങൾ, പണി പൂർത്തികരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസ്സിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂൽ റീട്ടെയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള 67 കൺസ്യൂമർ പമ്പുകളിൽ റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗപ്പെടുത്തി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ ഔട്ട്ലെറ്റുകൾ വഴി കെ.എസ്.ആർ.ടി.സി.-ക്ക് ഡീലർ കമ്മീഷൻ, പാട്ടവാടക എന്നിവ അധിക വരുമാനമായി ലഭിയ്ക്കുന്നതാണ്. ആദ്യ ഘട്ടത്തിൽ 8 ഡിപ്പോകളിൽ ഉടൻതന്നെ റീട്ടെയിൽ ഫ്യൂൽ ഔട്ട്ലെറ്റുകൾ പ്രവർത്തനം തുടങ്ങുന്നതാണ്. കൂടാതെ സ്ക്രാപ്പ് ചെയ്യുന്ന ബസ്സുകൾക്ക് രൂപമാറ്റം വരുത്തി പൊതുമേഖലാ എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ 'ലൂബ് ഷോപ്പ്' എന്ന പദ്ധതിയിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് നേരിട്ട് ലൂബ്രിക്കന്റ് വിൽപന നടത്തുന്നതാവുന്നതും ഡീലർ കമ്മീഷൻ വഴി ടിക്കറ്റേതര വരുമാനം

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കുകയും ഇതോടനുബന്ധിച്ച് ഓയിൽ ചേയ്ഞ്ച് തുടങ്ങിയ പ്രവർത്തനങ്ങൾകൂടി ഉൾപ്പെടുത്തുന്നതുവഴി കൂടുതൽ വരുമാനം ലഭിക്കുന്നതുമാണ്. കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ വാണിജ്യ പ്രാധാന്യമുള്ള തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം- ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചുവരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുകഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം KSRT-യുടെ Project Management Consultant ആയ M/s. HLL Lifecare Ltd. മുഖാന്തരവും M/s. Hindustan Prefab Ltd. മുഖാന്തരവും ചെയ്ത് പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ KSRTC-യുടെ മറ്റുള്ള പ്രധാന ബസ് സ്റ്റേഷനുകളിലും ആധുനിക ബസ് ടെർമിനൽ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ഡിപ്പോകളോട് ചേർന്ന് പെട്രോൾ-ഡീസൽ പമ്പുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള 67 കൺസ്യൂമർ പമ്പുകളിൽ റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗപ്പെടുത്തി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ 8 ഡിപ്പോകളിൽ ഉടൻതന്നെ റീട്ടെയിൽ ഫ്യൂൽ ഔട്ട്ലെറ്റുകൾ പ്രവർത്തനം തുടങ്ങുന്നതാണ്.

## നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ്-കം-ഇന്റർ സ്റ്റേറ്റ് ബസ് ടെർമിനൽ

229(1214) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ കെ.എസ്.ആർ.ടി.സി.- ഷോപ്പിംഗ് കോംപ്ലക്സ്-കം- ഇന്റർ സ്റ്റേറ്റ് ബസ് ടെർമിനൽ ലേല നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?